# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറമേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 5/2292/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 17/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 5/2292/2022 തീയ്യതി: 17/01/2023

## കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 22-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രത്നസിംഗ് | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി. ഷൈന.എ കെ . അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനൂപ് കെ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അഡ്വ.ജ്യോതി ലക്ഷ്മി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാമചന്ദ്രൻ.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഡോ.പ്രദോഷ് കുമാർ.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2021 | 31-03-2022 |
| ശ്രീമതി. സനിഷ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രനിഷ.എസ്.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മീന.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. അശ്വതി.സി.എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡോ.അമ്പിളി നാരായണൻ | വെറ്ററിനറി സർജൻ | 01-04-2021 | 08-12-2021 |
| ശ്രീ. ഡോ.രാജേഷ്. | വെറ്ററിനറി സർജൻ | 08-12-2021 | 31-03-2022 |
| ശ്രീമതി. നിത്യ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ആര്യ വി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-02-2022 | 31-03-2022 |
| ശ്രീ. ശിവപ്രസാദ് എസ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 24-11-2021 |
| ശ്രീമതി. സുനിഷ ഇ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-11-2021 | 31-03-2022 |
| ശ്രീമതി ഡിൽന ഡി.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | വാർഷികധനകാര്യപത്രിക | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം -അപാകതകൾ നിലനില്ക്കുന്നു | 1-10 |
| 11 | ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികളില്ല | 1-11 |
| 12 | അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച | 1-12 |
| 13 | പരാതി ഫയലും പരാതി രജിസ്റ്ററും ലഭ്യമല്ല | 1-13 |
| 14 | വരവിനങ്ങളിൽ നൂറ് ശതമാനം ഡിമാന്റ് ഉറപ്പുവരുത്തുന്നതിന് നടപടികളില്ല | 1-14 |
| 15 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-15 |
| 16 | റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം | 1-16 |
| 17 | നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-17 |
| 18 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല. | 1-18 |
| 19 | 2021-22 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല | 1-19 |
| 20 | ഇടവിള കിറ്റ് വിതരണം - അപാകതകൾ | 1-20 |
| 21 | കവുങ്ങു കൃഷി വികസനം - അപാകതകൾ | 1-21 |
| 22 | കാർഷിക വിപണി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 23 | കുറ്റികുരുമുളക് തൈ വിതരണം - തുക കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും റെയ്ഡ്കോ തൈ വിതരണം നടത്തിയില്ല. | 1-23 |
| 24 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ | 1-24 |
| 25 | ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നു | 1-25 |
| 26 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല | 1-26 |
| 27 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-27 |

| | | |
|---|---|---|
| 28 | ബഡ്സ് സ്കൂൾ , വീലാതപുരം സബ് സെന്റർ, എന്നിവയ്ക്കായി കെട്ടിടനിർമ്മാണവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുംപ്രവർത്തം ആരംഭിച്ചിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-28 |
| 29 | അഗതിരഹിത കേരളം ഗുണഭോക്താക്കൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-29 |
| 30 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്- ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിൽ കുറവ് | 1-30 |
| 31 | പി.എം.എ.വൈ പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. | 1-31 |
| 32 | റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-32 |
| 33 | പ്രവർത്തി പൂർത്തിയാക്കി വളരെ കാലങ്ങൾക്കുശേഷം പ്രവർത്തി എസ്റ്റിമേറ്റുകൾ പുതുക്കി അംഗികാരം വാങ്ങുന്നു | 1-33 |
| 34 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല | 1-34 |
| 35 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നു. | 1-35 |
| 36 | ഗുണഭോക്താക്കൾ ഇല്ലാതെ പദ്ധതി തയ്യാറാക്കി ഫണ്ട് പാഴാക്കുന്നു | 1-36 |
| 37 | ടി ഡി എസ് റിട്ടേണുകൾ ഫയൽ ചെയ്യുത്- ചെലവ് ഒഴിവാക്കാവുന്നത് | 1-37 |
| 38 | എം ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-38 |
| 39 | ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

സ്ഥാപനത്തിന്റെ ബജറ്റ് 15.2.21 ലെ തീരുമാന പ്രകാരം താഴെ പറയും വിധം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 87,18,590 |
| വരവ് | 21,97,92,000 |
| ആകെ | 22,85,10,590 |
| ചെലവ് | 22,44,44,500 |
| നീക്കിയിരിപ്പ് | 40,66,090 |

ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയും പ്രകാരം അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും വരവ് ചെലവ് വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

എ) മുന്നിരിപ്പ് കണക്കാക്കിയതിൽ അപാകത

2019-20 വർഷത്തെ യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മേൽ വർഷത്തെ മുന്നിരിപ്പ് കണക്കാക്കിയിരിക്കുന്നതിൽ അപാകത കാണുന്നു. 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് അടിസ്ഥാനപ്പെടുത്തിയാണ് 2019-20 വർഷത്തെ മുന്നിരിപ്പ് കണക്കാക്കുന്നത്. ഈ ബാലൻസ് ഷീറ്റിലെ ബാധ്യതകളായ B2, B4, B7, B8 എന്നിവ പ്രകാരമുള്ള ബാധ്യതകൾ B15, B17 എന്നിവ പ്രകാരമുള്ള ആസ്തിയിൽ നിന്നും കുറവു വരുത്തി കിട്ടുന്ന തുകയാണ് അടുത്ത വർഷത്തെ മുന്നിരിപ്പാകേണ്ടത്. ഇത് താഴെ കൊടുത്ത വിധമാകേണ്ടതാണ്.

| ബാധ്യത | | ആസ്തി | |
|---|---|---|---|
| B2 | 0 | B15 | 0 |
| B4 | 10849161 | B17 | 20301445 |
| B7 | 311713 | | |
| B9 | 843847 | | |
| ആകെ | 12004721 | ആകെ | 20301445 |

വ്യത്യാസം-20301445- 12004721 = 8296724

2019-20 വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് മേൽ കൊടുത്ത തരത്തിൽ 82,96,724/- രൂപയായിരിക്കെ, 95,96,427/-രൂപയാണ് ബജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. ഇത് മൂലം ബജറ്റ് പൂർണ്ണമായും വസ്തുതകളിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെന്ന് കാണാം.

ബി) തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 47 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ നിന്നും 30 ലക്ഷം രൂപ മാത്രമാണ് വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയതെന്ന് വ്യക്തമാകുന്നുണ്ട്. അതായത് തനത് ഫണ്ടിൽ നിന്നും ബജറ്റിൽ വകയിരുത്തിയ 17 ലക്ഷം രൂപ എന്തിനുവേണ്ടിയെന്ന് വ്യക്തമല്ലെന്ന് കാണാം. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോഴും അപാകത ആവർത്തിച്ചിട്ടുണ്ട്. വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതിക്കുള്ള തനത് ഫണ്ട് വകയിരുത്തൽ 46,90,210/-രൂപയായെങ്കിലും പുതുക്കിയ ബജറ്റ് പ്രൊവിഷൻ 54,24,500/- രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിൽ നിന്നും 17,32,143/-രൂപ മാത്രമാണ് ചെലവ് വന്നത്.

സി) വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി ബജറ്റിൽ BS9, BS12 ഷെഡ്യൂളുകൾ പ്രകാരം ആകെ 13,60,12,000/- രൂപയാണ് വകയിരുത്തിയത്. വാർഷിക പദ്ധതിയ്ക്കും NREGS പദ്ധതിയ്ക്കും കൂടിയുള്ള തുകയാണിത്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 39693000/- രൂപയും NREGS പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ 17,38,50,000/- രൂപയുമാണ്. അതായത് ഈ രണ്ട് പദ്ധതികൾക്കുമായി ആകെ 21,35,43,000/- രൂപയുടെ അടങ്കലിനാണ് ഭരണസമിതി അംഗീകാരം നല്കിയതെന്ന് കാണാം. മേല്പറഞ്ഞതിൽ നിന്നും 7,75,31,000/- രൂപയുടെ പദ്ധതികൾ ബജറ്റ് പ്രൊവിഷനില്ലാതെയാണ് വിഭാവനം ചെയ്തതെന്ന് വ്യക്തമാകുന്നു. ഇത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

ഡി)വരവ് ചെലവ് വ്യതിയാനങ്ങൾക്കനുസൃതമായി ബജറ്റ് പുതുക്കുന്നില്ല

വരുമാനത്തിലും ചെലവിലും ബജറ്റ് എസ്റ്റിമേറ്റിന് അതീതമായി കാലാകാലങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ബജറ്റ് പുതുക്കാനോ, സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കാനോ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം ബജറ്റ് അംഗീകാരമില്ലാതെ, പ്രോജക്ടുകൾക്ക് തുക ചെലവഴിക്കുന്ന സാഹചര്യം സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. ബജറ്റ് പുതുക്കി മാത്രമേ ബജറ്റ് പ്രൊവിഷനതീതമായുള്ള വരവ് ചെലവുകൾ വഹിക്കാവൂ എന്നിരിക്കെ, വർഷാവസാനം ബജറ്റ് പുതുക്കുന്നതിലൂടെ മാത്രമേ ഈ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കുന്നുള്ളൂ. ഓഡിറ്റ് വർഷത്തെ വിശദാംശങ്ങൾ പരിഗണിക്കുമ്പോൾ ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി അടങ്കലും (NREGS

ഉൾപ്പടെ) തമ്മിൽ ബജറ്റ് തയ്യാറാക്കിയപ്പോൾ പോലും പൊരുത്തമില്ലെന്ന് ക്രമ നം (സി) പ്രകാരമുള്ള പരാമർശത്തിൽ നിന്നും വ്യക്തമാണ്. ഇത് കൂടാതെ വിവിധ തീയതികളിലായി നിരന്തരം വാർഷിക പദ്ധതിക്ക് സ്ഥാപനം ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് പുതുക്കിയിരിക്കുന്നത് വർഷാവസാനം മാത്രമാണെന്ന് കാണാം.

ഇ) ബജറ്റ് പ്രൊവിഷനില്ലാതെ വായ്പാ തിരിച്ചടവ് വരുത്തി

ഓഡിറ്റ് വർഷം 6,16,000/- രൂപ വായ്പാ തിരിച്ചടവിന് വിനിയോഗിച്ചതായി വാർഷിക കണക്ക് സാക്ഷ്യപ്പെടുത്തുന്നുണ്ട്.എന്നാൽ ബജറ്റിൽ ചെലവിവനത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. കൂടാതെ 30.3.22ന് ബജറ്റ് പുതുക്കിയപ്പോഴും ഇതിനായി പ്രൊവിഷൻ നല്കിയിട്ടില്ല.ബജറ്റ് പ്രൊവിഷനില്ലാതെ തുക വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ലെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

ബജറ്റ് നടപടിക്രമങ്ങളിൽ അപാകതകൾ സംഭവിക്കുന്നതായി മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർച്ചയായി പരാമർശിച്ചിട്ടും അർഹിക്കുന്ന ഗൌരവത്തോടെയല്ല സ്ഥാപനം ബജറ്റിനെ കാണുന്നതെന്ന് വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. ബജറ്റിന് പുറത്ത് ചെലവഴിക്കുന്ന തുകകൾ ഭാവിയിൽ ക്രമപ്രകാരമല്ലെന്ന് വിലയിരുത്തുമെന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു

1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,29,35,502 |
| വരവ് | 7,48,63,066 |
| ആകെ | 9,77,98,568 |
| ചെലവ് | 6,82,57,037 |
| നീക്കിയിരിപ്പ് | 2,95,41,531 |

1-3 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14825200 | 14825200 | 14825200 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1122000 | 1122000 | 1122000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 13350000 | 13350000 | 7123237 | 6226763 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5451668 | 5451668 | 3607869 | 1843799 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 1587828 | 1587828 | 1203210 | 384618 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( ബാങ്ക് മുഖേന ) | 0 | 3128000 | 3128000 | 3012711 | 115289 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 4434983 | 4434983 | 1796750 | 2638233 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 0 | 4692000 | 4692000 | 2311971 | 2380029 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 504172 | 1329488 | 1833660 | 977197 | 856463 |
| ടി എസ് സി | 3551194 | 1079739 | 4630633 | 291784 | 4338849 |
| എം പി ഫണ്ട് | 64219 | 1751 | 65970 | 0 | 65970 |

| | | | | | |
|---|---|---|---|---|---|
| പൈക്ക | 410000 | 0 | 410000 | 0 | 410000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| വിമുക്തി | 33900 | 0 | 33900 | 0 | 33900 |
| കുടുംബശ്രീ ബഡ്സ് സ്കൂൾ | 1005966 | 0 | 1005966 | 0 | 1005966 |
| അങ്കണവാടി നെയിം ബോർഡ് | 60000 | 0 | 60000 | 0 | 60000 |

1-4-1. ഗ്രാന്റ് വിനിയോഗ പത്രിക

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകളുടെയും അവനടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 69139970 | 97 | 44172791 | 20 | 31 | 65.54% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1818832 | 1674377 | 3493209 | 3493209 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 73879444 | 73879444 | 73879444 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,07,62,200 | 727 |
| വിധവാ പെൻഷൻ | 1,89,65,200 | 1266 |
| വാർദ്ധക്യകാലപെൻഷൻ | 2,85,32,000 | 2170 |
| വികലാംഗ പെൻഷൻ | 53,30,500 | 365 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,76,400 | 44 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 വാർഷിക കണക്കുകളുടെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി/ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ

പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .

3. വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചറിലെ I-6 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതി ഭരണേതര ചെലവുകൾക്കുള്ള വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 8,67,87,837/- രൂപയാണ്. എന്നാൽ ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ കണക്ക് പ്രകാരം ഇത് 73878444 രൂപ മാത്രമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

4. വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചറിലെ I-6 ഷെഡ്യൂൾ പ്രകാരമുള്ള മെയ്ന്റനൻസ് ഫണ്ട് റോഡ്, നോൺറോഡ് ഗ്രാന്റുകളുടെ വരവ് തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

5. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിപ്രീസിയേഷൻ നിരക്ക് സംബന്ധിച്ച വർക്ക്ഷീറ്റ് എന്നിവയും തയ്യാറാക്കിയിട്ടില്ല.

6. മൂന്ന് വർഷ കാലപരിധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഉദാ- Suppliers EMD, Bidder's EMD മുതലായവ.

7. B-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിൽ 76330/- എന്നു കാണുന്നു. ഇത് പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

8. ആസ്തികൾക്ക് ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കാണക്കാക്കിയതിന് വർക്ക് ഷീറ്റ് വച്ചിട്ടില്ല.

9. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

10. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(a)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 98,30,666/ രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്. ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് I-6 പ്രകാരം MNREGS ചെലവ് തുക = 8,67,87,837/- രൂപയാണ്. എന്നാൽ MNREGS ക്യാഷ്ബുക്ക് പ്രകാരം ഇത് 7,54,07,373/- രൂപയാണ്. 11380464/- രൂപയുടെ വ്യത്യാസം കാണുന്നു.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം -അപാകതകൾ നിലനില്ക്കുന്നു

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ സംബന്ധിച്ച് 2017-18 വർഷത്തെ റിപ്പോർട്ടിലും (ഖണ്ഡിക2-1) തുടർന്നിങ്ങോട്ടുള്ള റിപ്പോർട്ടുകളിലും പ്രതിപാദിച്ചിരുന്നെങ്കിലും മിക്ക അപാകതകളുടേയും കാര്യത്തിൽ നിലവിലും അതേ അവസ്ഥ തുടരുന്നതായി കാണുന്നു. എല്ലാ ചെലവു വൌച്ചറുകളിലും പ്രസിഡന്റ് ഒപ്പ് വയ്ക്കാത്തത്, ഓരോ മാസത്തേയും വൌച്ചർ കെട്ടിനൊപ്പം വൌച്ചറുകളുടെ ലിസ്റ്റ് വയ്ക്കാത്തത്, തൊഴിൽ നികുതി ഉൾപ്പടെയുള്ള വരുമാനങ്ങളുടെ കാര്യത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാത്തത്, വരുമാന ഇനങ്ങളിൽ നൂറുശതമാനം ഡിമാന്റ് ഉറപ്പാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടൽ നടത്താത്തത്, വൌച്ചറിനൊപ്പം സൂക്ഷിച്ച ബില്ലുകളും ഇൻവോയ്സുകളും ക്യാൻസൽ ചെയ്യാത്തത് തുടങ്ങിയ അപാകതകൾ ഇതിന് ഉദാഹരണങ്ങളാണ്. റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട്, ആവശ്യമായ തിരുത്തൽ വരുത്താത്തതാണ് അപാകതകൾ ആവർത്തിക്കുന്നതിന് കാരണമെന്ന് കാണാം. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി നല്കേണ്ടതും വീഴ്ചകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതമാണ്.

1-11 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികളില്ല

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് അർഹമായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന് കഴിഞ്ഞ വർഷങ്ങളിലെ റിപ്പോർട്ടുകളോടുള്ള സമീപനത്തിൽ നിന്നും വ്യക്തമാകുന്നു.ഈ റിപ്പോർട്ടുകളിലെ നീർദ്ദേശങ്ങളിലൊന്നും തന്നെ കാര്യമാത്ര പ്രസക്തമായ നടപടികൾ സ്വീകരിക്കുകയോ, സ്ഥാപനത്തിന്റെ നിലപാട് യഥാസമയം അറിയിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യണമെന്നും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തണമെന്നും കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 14,15 ചട്ടങ്ങൾ നിഷ്കർഷിക്കുന്ന കാര്യം ഇവിടെ പ്രസക്തമാണ്. കൂടാതെ, ഇതേ ചട്ടങ്ങളിലെ ചട്ടം 21(1)(2) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 20, 23 എന്നിവ പ്രകാരം റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് തടസ്സങ്ങൾ/പരാമർശങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികള് സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് മേൽ കാലയളവിൽ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കേണ്ടതുമാണ്. പരമപ്രധാനമായി കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 3എ (3) പ്രകാരം

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്കും ചർച്ചയ്ക്കും സമർപ്പിക്കേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിരദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. നിയമവ്യവസ്ഥകൾ ഇതായിരിക്കെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ റിപ്പോർട്ടുകളുടെ അവസ്ഥ താഴെ വിശദമാക്കുന്നു.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 21.11.19ന് സ്ഥാപനത്തിന് അയച്ചിട്ടുണ്ട്. ഇത് എന്ന് സ്വീകരിച്ചെന്ന് സ്ഥാപനം രേഖപ്പെടുത്തിയിട്ടില്ല. റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം പ്രഥമമറുപടി സമർപ്പിക്കാത്തതിനെ തുടർന്ന് 10.12.19ന് അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചു. തുടർന്ന് 12.10.20 നാണ് ഒരു മറുപടി സ്ഥാപനം സമർപ്പിക്കുന്നത്. ഇതു തന്നെ ഭരണസമിതി അംഗീകരിച്ചിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നു. 23.6.20ലെ 6/1 നമ്പർ തീരുമാന പ്രകാരമാണ് മറുപടി സമർപ്പിക്കുന്നതെന്ന് ഈ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മറുപടി തയ്യാറാക്കി സമർപ്പിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ് ഈ തീരുമാനമെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 13.12.19ന് ചേർന്ന ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്തതായും മറുപടി തയ്യാറാക്കി നല്കാനും നിർവ്വഹണ ഉദ്യോഗസ്ഥരെ വിളിച്ച ചേർത്ത് പരാമർശങ്ങളും അതിന്മേലുള്ള നടപടികളും ചർച്ചചെയ്യാനും നിർദ്ദേശിച്ചതായും കാണുന്നു. എന്നാൽ വിവിധ നികുതി ഇനങ്ങളിൽ നൂറു ശതമാനം ഡിമാന്റ് ഉറപ്പു വരുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടിന്മേൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ലെന്ന് ഇക്കാര്യത്തിലുള്ള നിലവിലെ അവസ്ഥ വെളിവാക്കുന്നുണ്ട്.

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

25.3.22 ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ കാര്യത്തിലും എപ്പോൾ സ്വീകരിച്ചെന്ന് സ്ഥാപനം രേഖപ്പെടുത്തിയിട്ടില്ല. ഈ റിപ്പോർട്ടും നാളിതുവരെ ഭരണസമിതിയുടെ പരിഗണനയിൽ വന്നിട്ടില്ല. കൂടാതെ റിപ്പോർട്ടിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു.

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

2.6.22ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എപ്പോൾ ലഭിച്ചെന്ന് വ്യക്തമല്ല. റിപ്പോർട്ടിന് നാളിതുവരെ മറുപടി സമർപ്പിക്കുകയോ, ഭരണ സമിതിയുടെ പരിഗണനയ്ക്ക് വയ്ക്കുകയാ ചെയ്തിട്ടില്ല.

അവസാനത്തെ രണ്ട് റിപ്പോർട്ടുകളും ഒരുമിച്ച് 18.6.22ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചിട്ടുണ്ട്. എന്നാൽ റിപ്പോർട്ടിന് പ്രഥമ മറുപടി തയ്യാറാക്കി നല്കാൻ ഭരണസമിതിയോട്

ശുപാർശ ചെയ്യാനും പരാമർശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ച് കൊടുക്കാനും നിർദ്ദേശിക്കുക മാത്രമാണ് കമ്മിറ്റി ചെയ്തത്. റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിനു പകരം പരാമർശങ്ങൾക്ക് മറുപടി നല്കുകയെന്നതാണ് കർത്തവ്യമെന്ന ധാരണയാണ് ഇതിന് പിന്നിലെന്ന് കാണാവുന്നതാണ്. പരിഹാര നടപടികൾ സ്വീകരിക്കാതെ ഇപ്രകാരം മറുപടി നല്കുന്നതുമൂലം സ്ഥാപനത്തിൽ വർഷാവർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകാതിരിക്കുകയും ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്ന ഫലപ്രാപ്തി ഇല്ലാതെ വരികയും ചെയ്യുന്നു.

മൂന്ന് റിപ്പോർട്ടുകളുടെ കാര്യത്തിലും റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയെന്ന നിയമപരമായ ബാധ്യത സ്ഥാപനം നിർവ്വഹിച്ചിട്ടില്ല. ഇത് സ്ഥാപനത്തിന്റെ പ്രവർത്തനത്തിലെ സുതാര്യതയില്ലായ്മ വെളിവാക്കുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകളുടെ കാര്യത്തിൽ നിയമപരമായ ഉത്തരവാദിത്വം നിറവേറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ പരാമർശിച്ച വീഴ്ചകൾ സ്ഥാപനം ഗൌരവപൂർവ്വം കാണേണ്ടതും, സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

കുനിങ്ങാട് ടൌണിൽ പൊതു ശുചിമുറി ഇല്ലാത്തതു കാരണം ടൌണിലെ കച്ചവടക്കാരും പൊതുജനങ്ങളും യാത്രക്കാരായ സ്ത്രീകളും കുട്ടികളും വളരെയധികം ബുദ്ധിമുട്ടിലാണെന്നും എത്രയും പെട്ടെന്ന് ഇതിന് പരിഹാരം കാണണമെന്നും കാണിച്ച് 19 പേർ ഒപ്പിട്ട ഒരു പരാതി 4/10/21 ന് സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 166(1) പ്രകാരമുള്ള മൂന്നാം പട്ടികയിൽ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെടുന്ന ഒരു കാര്യത്തിനാണ് ഇപ്രകാരം പരാതി സമർപ്പിക്കേണ്ടി വന്നതെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്.പട്ടികയിലെ (എ) പ്രകാരമുള്ള അനിവാര്യ ചുമതലകളിൽ ക്രമ നമ്പർ 25 പ്രകാരം പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തേണ്ടത് സ്ഥാപനത്തിന്റെ പ്രഥമമായ കർത്തവ്യങ്ങളിലൊന്നാണ്. ഈ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമല്ല.പൊതു ജനങ്ങൾ കൂടുന്ന പൊതുസ്ഥലങ്ങളിൽ ഇത്തരം സംവിധാനങ്ങൾ ഒരുക്കാത്തത് ആസൂത്രണത്തിലെ പിഴവാണ്. ഇകാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതുമാണ്.

## 1-13 പരാതി ഫയലും പരാതി രജിസ്റ്ററും ലഭ്യമല്ല

ഓഡിറ്റ് വർഷത്തിൽ സ്ഥാപനത്തിൽ ലഭിച്ച പരാതികളുടെ ഫയലും രജിസ്റ്ററും ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ ഭാഗമായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 10.11.21 വരെ ലഭിച്ച പരാതികൾ രേഖപ്പെടുത്തിയ രജിസ്റ്ററും ഏകദേശം അതേ കാലയളവിൽ ലഭിച്ച പരാതികളുടെ ഫയലുമാണ് സ്ഥാപനം ലഭ്യമാക്കിയതെന്ന് കാണുന്നു. മേൽ തീയതിക്ക് ശേഷം ലഭിച്ചവയുടെ വിശദാംശം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. കൂടാതെ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ പരാതികളിൽ ഒന്നും തന്നെ സ്ഥാപനം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളില്ല. ലഭിച്ച പരാതികൾ ഒരു കെട്ടായി സൂക്ഷിച്ച തരത്തിലാണ് ഫയലുള്ളത്. ലഭിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കിയോ, തീർപ്പാക്കാത്തവ ഏതൊക്കെ എന്നീ കാര്യങ്ങളിലൊന്നും യാതൊരു വ്യക്തതയുമില്ല. മേൽ കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ് .കൂടാതെ 10.11.21 ന ശേഷമുള്ള പരാതി ഫയലും രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വരവിനങ്ങളിൽ നൂറ് ശതമാനം ഡിമാന്റ് ഉറപ്പുവരുത്തുന്നതിന് നടപടികളില്ല

പ്രധാന വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയിൽ നൂറ് ശതമാനം ഡിമാന്റില്ലെന്നും ഇത് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടലെ ഖണ്ഡിക 2-2, 2-4, 2-7എന്നിവയിൽ പ്രതിപാദിച്ചിരുന്നു. കൂടാതെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടലെ ഖണ്ഡിക 1-1, 1-2 എന്നിവ പ്രകാരവും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. രണ്ട് റിപ്പോർട്ടുകളിലും പോരായ്മ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നല്കിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുമാനം ലഭിക്കേണ്ട മേഖലകളിൽ നിന്നെല്ലാം നൂറുശതമാനം ഡിമാന്റ് ഉറപ്പാക്കാൻ സ്ഥാപനം യാതൊരു ശ്രമവും നടത്തിയിട്ടില്ല. 2017-18 വർഷത്തെ റിപ്പോർട്ടിന് നല്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്നും കെട്ടിടങ്ങൾ വൻതോതിൽ ഒഴിഞ്ഞുപോകാനുള്ള സാധ്യത ചൂണ്ടിക്കാണിക്കുന്നതിന് ആധാരമായി സൂചിപ്പിച്ച വസ്തുതകളുടെ കാര്യത്തിലാണ് 2018-19 വർഷത്തെ റിപ്പോർട്ടിനുള്ള മറുപടിയിൽ ശ്രദ്ധയൂന്നിയിരിക്കുന്നത്. പരാമർശത്തിന്റെ കാതൽ എന്തെന്ന് തിരിച്ചറിയാതെ ഇപ്രകാരം മറുപടി നല്കുന്നത്, റിപ്പോർട്ടുകൾ മറുപടി നല്കേണ്ട ഒരുല്പന്നം മാത്രമായി സ്ഥാപനം കാണുന്നതുകൊണ്ടാണെന്ന് വ്യക്തമാണ്. അനധികൃതമായി നിർമ്മിക്കപ്പെട്ട പുതിയതും കൂട്ടിച്ചേർക്കൽ മൂലം അനധികൃതമായ പഴയതുമായ നിരവധി കെട്ടിടങ്ങൾ സ്ഥാപനത്തിലുണ്ടെന്നത് മേൽ പരാമർശങ്ങളിൽ നിന്നും, കൃത്യമായ ഫീൽഡ് തല പരിശോധനകളുടെ അഭാവത്തിലും വ്യക്തമാണ്. തൊഴിൽ നികുതിയുടെയും ലൈസൻസിന്റെയും കാര്യത്തിൽ മേൽ റിപ്പോർട്ടുകളിൽ നല്കിയ കണക്കുകൾ, നികുതി/ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിഞ്ഞുപോകുന്നുണ്ടെന്ന വസ്തുത അടിവരയിടുന്നു.ഇത് ഒഴിവാക്കാൻ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കാൻ

റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചതുമാണ്. നാളിതുവരെ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

## 1-15 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് 2021-22 വർഷത്തിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ | ഈടാക്കിയ നികുതി ഗ്രാമ പഞ്ചായത്ത് | ഈടാക്കേണ്ട നികുതി (ചതുരശ്ര | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വിസ്തീർണ്ണം, തരം | 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് – 20% വഴി സൗകര്യം) | മീറ്ററിന് 50 രൂപ നിരക്കിൽ / വർദ്ധനവ് – 20% വഴി സൗകര്യം) | |
| 3/6 J | | 34.66m², താഴത്തെ നിലവാണിജ്യം | 1664+84 (5% LC) = 1748 | 2080+104 (5% LC)= 2184 | 436 |
| 3/6 K | 1.ശ്രീധരൻ. കൊട്ടങ്ങാപ്പുറത്ത്, പുറമേരി 2. ബൈജു, വെങ്ങക്കണ്ടി, പുറമേരി | 34.66m², താഴത്തെ നില വാണിജ്യം | 1664+84 (5%LC) = 1748 | 2080+104 (5% LC) = 2184 | 436 |
| 3/6 L | | 69.33m², ഒന്നാം നില വാണിജ്യം | 3162 (5% ബഹുനില കെട്ടിട ഇളവ് + 20% വർദ്ധന) +159(5% LC) = 3321 | 3952 (5% ബഹുനില കെട്ടിട ഇളവ് + 20% വർദ്ധന) + 198 (5%LC) = 4150 | 829 |
| | ആകെ | 138.66 M² | 6817 | 8518 | 1701 |

ഇതേ കെട്ടിടത്തിന്റെ മറ്റ് മുറികൾക്ക് മുൻ വർഷങ്ങളിൽ വാണിജ്യാവശ്യത്തിന് വേണ്ടി കെട്ടിട നമ്പർ (3/6A മുതൽ 3/6 H വരെ) നൽകിയതും നികുതി നിശ്ചയിച്ചതും, 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ (ചതുരശ്ര മീറ്ററിനു 50 രൂപ) എന്നതിന് പകരം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലാണ്. ആയത് പ്രകാരം ചതുരശ്ര മീറ്ററിനു 50 രൂപ എന്ന നിരക്കിന് പകരം ചതുരശ്ര മീറ്ററിനു 40 രൂപ എന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടനമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ | ഈടാക്കിയ നികുതി ഗ്രാമപഞ്ചായത്ത് 40 |
|---|---|---|---|

| | | വിസ്തീർണ്ണം, തരം | രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 1 | 3/6 A | $16.59m^2$, താഴത്തെ നില വാണിജ്യം | 797+40 (5% LC)=837 |
| 2 | 3/6 B | $15.59m^2$, താഴത്തെ നില വാണിജ്യം | 749+38 (5% LC)=787 |
| 3 | 3/6 C | $25.27m^2$, താഴത്തെ നില വാണിജ്യം | 1213+61 (5% LC)=1274 |
| 4 | 3/6 D | $28.58m^2$, താഴത്തെ നില വാണിജ്യം | 1372+69(5% LC)=1441 |
| 5 | 3/6 E | $22.5m^2$, താഴത്തെ നില വാണിജ്യം | 1080+54(5% LC)=1134 |
| 6 | 3/6 F | $21.58m^2$, താഴത്തെ നില വാണിജ്യം | 1036+52(5% LC)=1088 |
| 7 | 3/6 G | $31.18m^2$, താഴത്തെ നില വാണിജ്യം | 1497+75(5% LC)=1572 |
| 8 | 3/6 H | $34.49m^2$, താഴത്തെ നില | 1656+83(5% LC)=1739 |

| | | | |
|---|---|---|---|
| | | വാണിജ്യം | |
| ആകെ | | 195.78m$^2$ | 9085 |

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിട ത്തിന്റെ വിസ്തീർണ്ണം, തരം | ഈടാക്കിയ നികുതി ഗ്രാമ പഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് – 20% വഴി സൗകര്യം) | ഈടാക്കേണ്ട നികുതി (ചതുരശ്രമീറ്ററിന് 50 രൂപ നിരക്കിൽ / വർദ്ധനവ് – 20% വഴി സൗകര്യം) | കുറവ് |
|---|---|---|---|---|---|
| 6/233 G | ഇബ്രാഹിം ഹാജി വേരാവു ള്ളതിൽ | 29.89m$^2$, ഒന്നാം നില വാണിജ്യം | 1364+69(5% LC)= 1433 | 1704+86(5% LC)=1790 | 357 |
| 6/233 H | | 28.81m$^2$, ഒന്നാം നില വാണിജ്യം | 1314+66(5% LC)= 1380 | 1643+83(5% LC)=1726 | 346 |
| 6/233 J | | 46.06m$^2$, ഒന്നാം നില വാണിജ്യം | 100 ചതുരശ്ര മീറ്ററിനു മുകളിൽതറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന | | ഇല്ല |

| | | | | |
|---|---|---|---|---|
| | | | ഉപയോഗക്രമ പ്രകാരം ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുണ്ട് | |
| ആകെ | $104.76\ M^2$ | | | 703 |

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുനപരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

1-16 റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം

പുറമേരി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ ആകെ എണ്ണം 369 ആണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം 296 റോഡുകൾ മാത്രമാണുള്ളത്.

| റോഡുകൾ എണ്ണം, തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 296 | 369 |
| വീതി അഞ്ച് മീറ്ററും അതിന് | 37 | 23 |

| | | |
|---|---|---|
| മുകളിലും | | |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 259 | 257 |
| വീതി ഒന്നര മീറ്ററിൽ കുറവ് | 0 | 89 |

ആസ്തി രജിസ്റ്റർ പ്രകാരം വീതി അഞ്ച് മീറ്ററും അതിന് മുകളിലും ഉള്ള റോഡുകളുടെ എണ്ണം 37 എണ്ണവും റോഡ് മാസ്റ്റർ പ്രകാരം 23 എണ്ണവുമാണ്. 2011 ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാന നികുതിക്കുമേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവയിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടുതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നു. മുഴുവൻ റോഡുകളും റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താത്തിനുള്ള കാരണവും, ആസ്തി രജിസ്റ്ററിലേയും റോഡ് മാസ്റ്ററിലേയും റോഡുകളുടെ എണ്ണത്തിലുള്ള വ്യത്യാസത്തിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്.

1-17 നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

1) സ.ഉ (കൈ) നം. 106/17/ത.സ്വ.ഭ.വ തീ. 26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിടനികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും, രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

2021- 22 വർഷത്തിൽ ആകെ 101 കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. എന്നാൽ നികുതി ഇളവ് ലഭിച്ച വിമുക്ത ഭടന്മാരെ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ അപാകതക ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും നിലവിലും അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2) 2021-22 വർഷത്തിൽ 47 കെട്ടിടങ്ങളുടെ നികുതി എഴുത്തിത്തള്ളിയിട്ടുണ്ട്. എന്നാൽ നികുതി എഴുത്തിത്തള്ളുന്നതിനായി ലഭിച്ച അപേക്ഷകളോ, രജിസ്റ്ററോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) 2021-22 വർഷത്തിൽ 16 കെട്ടിടങ്ങൾ വേക്കൻസി റമിഷൻ പ്രകാരം നികുതിയിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്. വേക്കൻസി റമിഷന് ലഭിച്ച അപേക്ഷകളോ, രജിസ്റ്ററോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നികുതി ഇളവ് നൽകിയ കെട്ടിടങ്ങളെ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം 2021-22 വർഷത്തിൽ ആകെ വന്ന 298 അപേക്ഷകളിൽ 126 അപേക്ഷകൾ ക്രമവൽക്കരണത്തിനായി വന്നവയാണ്. ആകെ അപേക്ഷകളുടെ 42% ക്രമവൽക്കരണത്തിനുള്ളവയാണ്. പഞ്ചായത്തിൽ 2021-22 വർഷം വാർഷിക കണക്ക് പ്രകാരം പെർമിറ്റ് ഫീ വന്നിരിക്കുന്നത് 3,20,329/- രൂപയും ക്രമവൽക്കരണ ഫീ 1,81,090/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ വലിയ തോതിൽ അനധികൃത നിർമ്മാണം നടക്കുന്നതായി ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കെട്ടിട നിർമ്മാണം അനുമതി വാങ്ങാതെ നിർമ്മാണ പ്രവൃത്തി പൂർത്തിയായ ശേഷം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുന്ന പ്രവണത പഞ്ചായത്തിൽ കാണുന്നു. അനധികൃത നിർമ്മാണങ്ങളുടെ എണ്ണം ഇത്രത്തോളം വർദ്ധിച്ചിട്ടും വാർഡ് ക്ലാർക്കുമാർ ഒരു അനധികൃത നിർമ്മാണം പോലും സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനായി പഞ്ചായത്തിൽ നാളിതുവരെ ഒരു പരിശോധനാ സംവിധാനവും ഒരുക്കിയതായും കാണുന്നില്ല. കൂടാതെ ക്രമവൽക്കരണത്തിനായുള്ള വിവരങ്ങൾ രേഖപ്പെടുത്തി ക്രമവൽക്കരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 2021-22 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള

ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ (31.03.2022) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 1717 |
| വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം കെട്ടിടങ്ങളുടെ എണ്ണം | 16 |
| 2021-22 ൽ ആകെ അനുവദിക്കപ്പെട്ട 452 ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 606 |
| 2021-22 ൽ ലൈസൻസ് എടുക്കാത്ത കെട്ടിടങ്ങളുടെ എണ്ണം | 1095 |

പഞ്ചായത്തിൽ വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1717 കെട്ടിടങ്ങൾ ഉണ്ട് അതിൽ വാണിജ്യ/ വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 16 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻവർഷം 606 കെട്ടിടങ്ങൾക്കായി 452 പേർ മാത്രമാണ് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ 1095 കെട്ടിടങ്ങൾക്ക് ലൈസൻസ് എടുത്തിട്ടില്ല. ഈ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. ലൈസൻസ് ഇല്ലാതെ ഈ കെട്ടിട ങ്ങളിൽ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം ഇതുമൂലം നഷ്ടപ്പെടുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 1-20 ഇടവിള കിറ്റ് വിതരണം - അപാകതകൾ

ചേന, ചേമ്പ്, കൂർക്കിൽ, ഇഞ്ചി മഞ്ഞൾ, ചെറുകിഴങ്ങ്, കാച്ചിൽ എന്നിവ അടങ്ങിയ കിറ്റ് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 15/22 |
| അടങ്കൽ | 800000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 799776/- |
| ബിൽനം. തി. | 592/22/15.2.22<br>തുക 7,99,776/- |

വി.എഫ്.പി.സി.കെ യിൽ നിന്നും 2777 കിറ്റുകൾ വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/22/25.11.22) മറുപടി നൽകിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 7,99,776/- തടസ്സത്തിൽ വെക്കുന്നു.

1-21 കവുങ്ങു കൃഷി വികസനം - അപാകതകൾ

കാസർകോടൻ, മംഗള എന്നീ ഇനങ്ങളിലുള്ള കവുങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 10/22 |
| അടങ്കൽ | 235000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 225500/- |
| ബിൽനം. തി. | 485/22/9.3.22 |

വി.എഫ്.പി.സി.കെ. യിൽ നിന്ന് 4510 കാസർകോടൻ ഇനം കവുങ്ങിൻ തൈകളും, 4510 മംഗള കവുങ്ങിൻ തൈകളും വാങ്ങി വിതരണം ചെയ്തതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ മുഴുവൻ തൈകളും വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/22/25.11.22) മറുപടി

നൽകിയിട്ടില്ല. വിതരണ രേഖകൾ മുഴുവൻ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 2,25,500/-തടസ്സത്തിൽ വെക്കുന്നു.

### 1-22 കാർഷിക വിപണി പദ്ധതി നടത്തിപ്പിലെ അപാകതകൾ

കലവറ ഇക്കോഷോപ്പ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 21/22 |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 47250/- |
| ബിൽനം. തി. | 751/22/17.2.22 |

ഗ്രാമപഞ്ചായത്തിലെ അത്തൂര് എന്ന സ്ഥലത്ത് ആരംഭിച്ച ഇക്കോ ഷോപ്പിന്റെ 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറു മാസത്തെ വാടക (3000 രൂപ നിരക്കിൽ) നൽകുന്നതിനും, ഗോദ്റെജ് റഫ്രിജറേറ്റർ വാങ്ങി നൽകുന്നതിനുമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. കടയുടെ എഗ്രിമെന്റ്, വാടക കൈപ്പറ്റിയതിനുള്ള രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആകെ 32250/- രൂപ (വാടക.18000+14250 റഫ്രിജറേറ്റർ) ചെലവഴിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ബാക്കി വരുന്ന 15,000/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/22/25.11.22) മറുപടി നൽകിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 47,250/- തടസ്സത്തിൽ വെക്കുന്നു.

### 1-23 കുറ്റികുരുമുളക് തൈ വിതരണം - തുക കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും റെയ്ഡ്കോ തൈ വിതരണം നടത്തിയില്ല.

കുറ്റികുരുമുളക് തൈ വിതരണം നടത്തുന്നതിന് നിർവ്വഹണം നടത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 24/22 |

| | |
|---|---|
| അടങ്കൽ | 586500/- (550990 വി.ഫ +20700<br>ഗു.വി +14810 തനത്) |
| ഫണ്ട് | വികസന ഫണ്ട്,<br>ഗുണഭോകതൃ വിഹിതം |
| ചെലവ് | 535600/- (515515 +20085) |
| ബിൽനം. തി. | 208/22/17.3.22 |

റെയ്ഡ്കോ പേരാമ്പ്രയുടെ ബിൽ നമ്പർ 1313/2021-22/14.3.22 പ്രകാരം 6695 കുറ്റികുരുമുളക് തൈകൾ സപ്ലൈ ചെയ്യുന്നതിനാണ് മേൽ തുക നൽകിയത്. എന്നാൽ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും റെയ്ഡ്കോ തൈകൾ സപ്ലൈ ചെയ്തിട്ടില്ല. ലഭിക്കാത്ത സാധനത്തിന് തുക അഡ്വാൻസായി നൽകിയതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/22 /25.11.22) മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മുൻകൂറായി തുകൾ നൽകാൻ പാടില്ലാത്ത ഇനങ്ങൾക്ക് സാമ്പത്തിക വർഷാവസാനം മുൻകൂർ നൽകുന്നത് ശരിയായ നടപടിയല്ല. തൈകൾ ലഭിക്കാത്ത സാഹചര്യത്തിൽ മുഴവൻ തുകയും തിരികെ ഈടാക്കേണ്ടതും, റെയ്ഡ്കോയോട് വിശദീകരണം ആവശ്യപ്പെടേണ്ടതുമാണ്. പദ്ധതിക്കായി ചെലവഴിച്ച 5,35,600/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-24 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 17/22 |
| അടങ്കൽ | 170000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 170000/- |
| ബിൽനം. തി. | 141/22/26.11.22 |

സ.ഉ(കൈ) നം.22/2018/തസ്വഭവ. തി.14.2.2018 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ വിള

ഇൻഷൂറൻസ് തുക മുൻകൂറായി അടയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇത് അടച്ചതായി കാണുന്നില്ല.

വാർഡ് 11-ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഇസ്മായിൽ.എം എന്ന ഗുണഭോക്താവിന് ഈയിനത്തിൽ 2,798/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ, ഭൂനികുതി രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രമേശൻ.കെ.കെ, സുരേഷ്കുമാർ.പി എന്നീ ഗുണഭോക്താക്കൾക്ക് യഥാക്രമം 3793/- രൂപ, 2839/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇവരുടെ അപേക്ഷ, ഭൂനികുതി രശീതി എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/22/ 25.11.22) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകളുടെ വെളിച്ചത്തിൽ പദ്ധതിക്കായി ചെലവഴിച്ച 1,63,368/- (170,000-6,632) രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച 6,632/- (3793+2839) രൂപ നിരാകരിക്കുന്നു. ഈ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-25 ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണുള്ളത്. ഇതിൽ 22 അങ്കണവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ബാക്കിയുള്ളവ വാടക കെട്ടിടത്തിലും മറ്റുമായാണ് പ്രവർത്തിക്കുന്നത്. 19.05.2022 ന് ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ അങ്കണവാടി കെട്ടിടങ്ങൾ പരിശോധിക്കുകയുണ്ടായി. ഇതിൽ കുനാറമ്പത്ത് അങ്കണവാടി (വാർഡ് 15), എസ്.വി.എൽ.പി.എസ് അങ്കണവാടി (വാർഡ് 2) എന്നീ കെട്ടിടങ്ങൾക്ക് വിവിധ കാരണങ്ങളാൽ ഫിറ്റ്നെസ് ഇല്ലെന്ന് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളുടെ അപാകതകൾ പരിഹരിക്കുന്നതിന് പദ്ധതി വർഷം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/22/28.11.22) മറുപടി നൽകിയിട്ടില്ല. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടത്തിലെ അങ്കണവാടിയുടെ പ്രവർത്തനം സുരക്ഷിതമായ കെട്ടിടത്തിലേക്ക് മാറ്റി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-26 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വനിതകളുടെ സാമൂഹ്യ- സാമ്പത്തിക മേഖലകളിലെ ഉന്നമനം ലക്ഷ്യമാക്കി യുള്ള വിവിധ പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നു വന്നെങ്കിലും അവയൊന്നും നടപ്പാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21/21-22/28.11.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ നടപ്പാക്കാനാവശ്യമായ നപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും (ശമ്പളം, കറന്റ് ചാർജ്ജ് പോലുള്ള പ്രതിമാസ ചെലവുകൾ ഒഴികെയുള്ള) നടപടിക്രമങ്ങൾ ആരംഭിക്കുന്നത് തന്നെ ചെലവിനുള്ള ക്ലെയിം (ബിൽ, പേമന്റ് റിക്വസ്റ്റ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ഇതുകൊണ്ട് തന്നെ പേമന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ/സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽ നോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഇത്തരം ചെലവുകൾക്കുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | വൌച്ചർ നം | തുക |
|---|---|---|---|
| 1 | ഡോട്ട് മാട്രിക്സ് പ്രിന്റർ വാങ്ങിയത് | 22100797/ 28.12.21 | 14200 |
| 2 | റസീറ്റ് ബുക്ക് വാങ്ങിയത് | 22100654/ | 11771 |

| | | | |
|---|---|---|---|
| | | 15.11.21 | |
| 3 | ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾ – മൊമെന്റോ വാങ്ങിയത് | 22100656/ 16.11.21 | 39390 |

ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-28 ബഡ്സ് സ്കൂൾ , വീലാതപുരം സബ് സെന്റർ, എന്നിവയ്ക്കായി കെട്ടിടനിർമ്മാണവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുംപ്രവർത്തം ആരംഭിച്ചിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വാർഡ് 4ൽ സബ്സെന്ററും, ബഡ്സ് സ്കൂളും സ്ഥാപിക്കുന്നതിനായി 2018-19 വർഷം മുതൽ പദ്ധതികൾ നടപ്പിലാക്കുകയും കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട് വിശദാംശങ്ങൾ

| പദ്ധതി | പ്രോജക്ട് നമ്പർ | ചെലവ് | റിമാർക്ക്സ് |
|---|---|---|---|
| ബഡ്സ് സ്കൂൾ | 126/18-19 | 2458440 | ശ്രീ. എബ്രഹാം തോമസ് എന്ന കരാറുകാരൻ 27.12.2019 ൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി |
| | 131/20-21, 148/21-22 | 301233 (24967/28.1.22) | ശ്രീ.ദിവിൻ ലാൽ വി.രി എന്ന കാരാറുകാരൻ ബഡ്സ് സ്കൂളിന് ചുറ്റു മതിൽ നിർമ്മിക്കൽ, ഗ്രിൽ സ്ഥാപിക്കൽ,മുറ്റം ഇന്റർലോക്ക് ചെയ്യൽ, മുൻ ഭാഗം ഷീറ്റ് ഇടൽ എന്നീ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ .7.6.21 പൂർത്തിയാക്കിയിട്ടുണ്ട്. |
| വിലാത പുരം സബ് സെന്റർ | 107/18-19, 144/20-21 | 1874283 | ഇരിങ്ങല്ലൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന കരാറുകാർ 24.08.2020 ൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. |
| | 149/22 (109/ 20, 133/21) | 325407 (29787/20.9.21) | റാംപ്, കെട്ടിട പെയിന്റിങ്ങ്, മുറ്റം ഇന്റർ ലോക്ക്, ഷീറ്റിടൽ എന്നീ പ്രവൃത്തി 15.3.21 ൽ പൂർത്തീകകരിച്ചു |

മേൽ കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായിട്ടും കെട്ടിടങ്ങൾ പ്രവർത്തിയ്ക്കാൻ തുടങ്ങിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായിട്ടും പദ്ധതിയുടെ ഗുണം ഗുണഭോക്താക്കൾക്ക് ലഭിയ്ക്കാതിരിക്കുന്നത് അംഗീകരിക്കാനാകില്ല. ഗ്രാമപഞ്ചായത്തിൽ വളരെ അത്യാവശ്യമായി നടപ്പിലാക്കേണ്ട പദ്ധതിയാണ് ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുക എന്നത്. ഇതിന്റെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതിന് മുൻപു തന്നെ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ 244034 രൂപ ചെലവഴിച്ച് പദ്ധതി (101/21) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വാങ്ങിയ ഉപകരണങ്ങളും മറ്റും ഉപയോഗിക്കാതെ ചീത്തയാകുന്ന അവസ്ഥയുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-29 അഗതിരഹിത കേരളം ഗുണഭോക്താക്കൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

പഞ്ചായത്തിലെ 2019-2022 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള അഗതിരഹിതകേരളം പദ്ധതി യിൽ 112 ഗുണഭോക്താക്കൾ ആണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 8 ഗുണഭോക്താക്കൾ മരണപ്പെട്ടു. അഗതിരഹിതകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ ഗുണ ഭോക്താക്കൾക്കാവശ്യമായ സേവനങ്ങൾ നൽകുന്ന പദ്ധതികൾക്കാണ് ഗ്രാമ പഞ്ചായത്ത് പ്രഥമ പരിഗണന നൽകേണ്ടത്. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ ഗ്രാമ

പഞ്ചായത്ത് ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് കാണുന്നു .ആശ്രയ പദ്ധതിയിൽ ഭവന നിർമ്മാണം അവശ്യമുള്ള ചില ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകേണ്ടതുണ്ട്. സി.ഡി.എസ് ഓഫീസിൽ നിന്ന് ലഭ്യമാക്കിയ കണക്ക് പ്രകാരം ഈ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ശ്രീ.മാമി വലിയ പറമ്പത്ത് | 7 |
| 2 | ശ്രീമതി.രാധ കുറ്റിയിൽ | 7 |
| 3 | ശ്രീമതി.പൊക്കി കൊല്ലന്റതമ്മിൽ | 9 |
| 4 | ശ്രീമതി.കല്ല്യാണി അമ്മ പറമ്പ് മീത്തൽ | 9 (ലൈഫ് ലിസ്റ്റിൽ ഉണ്ട്) |
| 5 | ശ്രീമതി.മിനി പിറകിൽ കാട്ടിൽ | 11 (ലൈഫ് ലിസ്റ്റിൽ ഉണ്ട്) |
| 6 | ശ്രീമതി.നാരായണി താഴെക്കുന്നുമ്മൽ | 11 (ലൈഫ് ലിസ്റ്റിൽ ഉണ്ട്) |
| 7 | ശ്രീമതി.ജാനു കിണറുള്ളതിൽ | 11 (ലൈഫ് ലിസ്റ്റിൽ ഉണ്ട്) |
| 8 | ശ്രീമതി. കല്യാണി പടിഞ്ഞാറെക്കണ്ടി | 13 |
| 9 | ശ്രീ. ഗോപാലകൃഷ്ണൻ വടക്കേകാർത്തികപ്പള്ളി | 14 |

| | | |
|---|---|---|
| 10 | ശ്രീമതി.ലീല കാഞ്ഞിരകുഴി | 15 |
| 11 | ശ്രീമതി.ജാനു കൊടക്കൽ | 15 |
| 12 | ശ്രീമതി ശോഭ മിന്നാരി ക്കണ്ടിയിൽ | 16(ലൈഫ് ലിസ്റ്റിൽ ഉണ്ട്) |
| 13 | ശ്രീമതി.ലീലാമ്മ പടിഞ്ഞാറെ കൊയിലോത്ത് | 17 |
| 14 | ശ്രീമതി. മാതു കുനിയിൽ | 8 |

മുന്തിയ പരിഗണന നൽകി നടപ്പിലാക്കേണ്ട ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചു നൽകാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/21-22 /28.11.22) ന് മറുപടി സമർപ്പിച്ചിട്ടില്ല. അഗതിരഹിത കേരളം പദ്ധതിയുടെ പാക്കേജിൽ പരാമർശിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-30 ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്- ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിൽ കുറവ്

നിർവ്വഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

പദ്ധതി - 6/22

ചെലവ് - 900000 (300000-വികസന ഫണ്ട് ,600000-ബ്ലോക്ക് പഞ്ചായത്ത്)

വിലാതപുരം ക്ഷീര സഹകരണ സംഘം, നരിക്കാട്ടേരി ക്ഷീര സഹകരണ സംഘം, കല്ലും പുറം ക്ഷീര സഹകരണ സംഘം, അരൂർ ക്ഷീര സഹകരണ സംഘം, വെള്ളൂർ ക്ഷീര സഹകരണ സംഘം എന്നീ ക്ഷീര സഹകരണ സംഘങ്ങൾ വഴി പാൽ അളക്കുന്ന ഗുണഭോക്താക്കൾക്ക് പാലിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് .ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർ ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ തോതിൽ ഗുണഭോക്താവിന് നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിൽ ചില അപാകതകൾ കാണുന്നു.

പാൽ ലിറ്റർ ഒന്നിന് പരമാവധി 4 രൂപ നൽകാമെന്നിരിക്കെ ഫണ്ടിന്റെ അപാര്യാപ്തതമൂലം 3

രൂപ വിതമാണ് നൽകിയിട്ടുള്ളത്. വിലാതപുരം, നരിക്കാട്ടേരി, കല്ലും പുറം, അരൂർ എന്നീ ക്ഷീര സഹകരണ സംഘങ്ങൾക്ഷീര കർഷകർക്ക് ഫെബ്രുവരി മാർച്ച് എന്നീ മാസങ്ങളിലെ പാലിന്റെ സബ്സിഡി അനുവദിച്ചിട്ടില്ല. വെള്ളൂർ ക്ഷീര സഹകരണ സംഘത്തിലെ ക്ഷീര കർഷകർക്ക് ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയും ഡിസംബർ മുതൽ മാർച്ച് മാസം വരെയും സബ്സിഡി അനുവദിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ യഥാർഥ ആവശ്യകത പരിഗണിക്കാതെ പദ്ധതി നടപ്പിലാക്കിയത് മൂലമാണ് ഇത്തരത്തിൽ സംഭവിച്ചത് . വിവിധ ക്ഷീര സംഘങ്ങൾക്ക് വ്യത്യസ്ത രീതിയിൽ സബ്സിഡി വിതരണം ചെയ്തിട്ടുള്ളത് സാമൂഹ്യനീതിയുടെ ലംഘനമാണ്.

ക്ഷീര കർഷകർക്ക് എല്ലാ മാസങ്ങളിലും പാലിന് സബ്സിഡി അനുവദിക്കുന്നതിന് തുക വകയിരുത്താത്തതിനും 2018-19 ൽ പാലിന് സബ്സിഡി അനുവദിക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 2,50,000/- രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 88,242/- രൂപയും ചെലവഴിക്കാതെ തിരിച്ചടയ്ക്കാനിടയായ സാഹചര്യവും വിശദീകരിക്കേണ്ടതാണ്.

## 1-31 പി.എം.എ.വൈ പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് - 43/22

ചെലവ് തുക - 770000 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ, തിയ്യതി - 65338/ 09/12/21

ഗ്രാമപഞ്ചായത്ത് പി.എം.എ.വൈ പദ്ധതിയുടെ നടത്തിപ്പിലായി ഗ്രാമപഞ്ചായത്ത് വിഹിതം തൂണേരി ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നൽകിയിട്ടുള്ള വിഹിതം ഏതെല്ലാം ഗുണഭോക്താവിന് വേണ്ടിയാണ് എന്ന സംബന്ധിച്ചും ഗുണഭോക്താക്കൾ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കിയോ എന്നത് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/21-22 28 .11.22) മറുപടി ലഭ്യമായിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-32 റീങ്ങ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് - 117/22

ചെലവ് തുക - 452000 (CFC)

ബിൽ നമ്പർ, തിയ്യതി - 7/ 27/3/22

ഗ്രാമ പഞ്ചായത്ത് ഉറവിട മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കിയ പദ്ധതിയാണ് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി. പദ്ധതി നടത്തിപ്പിനായി 217 ഗുണഭോക്താക്കളിൽ നിന്ന് യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്തൃ വിഹിതമായി പിരിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ യൂണിറ്റിന് ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ഗുണ ശ്രീ.വെർമി കമ്പോസ്റ്റ് സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ നിന്നാണ് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ വാങ്ങി പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി പൂർത്തിയാക്കാതെ മുൻകൂറായി തുക അനുവദിച്ചു

ജി.ഒ(പി) 177/2006/fin, 12.4.06 ഉത്തരവിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് പദ്ധതി നടത്തിപ്പിനായി തുക മുൻകൂറായി നൽകേണ്ടത് എന്ന് പറയുന്നുണ്ട്. ഈ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഗുണ ശ്രീ വെർമി കമ്പോസ്റ്റ് എന്ന സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിച്ചിട്ടുള്ളത്. 27.3.22 ന് തുക അനുവദിച്ചിട്ടും ഗുണഭോക്താക്കൾക്ക് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത് . 2022 ജൂൺ മാസത്തിൽ ആണ്. ഇൻവോയ്സ് നമ്പ്ര് 113/25.6.22 പ്രകാരം 200 റിങ്ങ് കമ്പോസ്റ്റുകൾ ആണ് വിതരണം ചെയ്തിട്ടുള്ളത്.റിങ്ങ് കമ്പോസ്റ്റുകൾ തൃപ്തികരമാം വണ്ണം സ്ഥാപിച്ച് കിട്ടി എന്ന ഗുണഭോക്താവിന്റെ സാക്ഷ്യ പത്രം വിതരണ കരാറുള്ള സ്ഥാപനം ഹാജരാക്കിയാൽ മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥ തുകനൽകേണ്ടതുള്ളൂ എന്ന കരാർ വ്യവസ്ഥ നിലനിൽക്കേയാണ് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിച്ചിട്ടുള്ളത്.

2) ഉപസമിതി ഗുണനിലവാരം കുറഞ്ഞത് എന്ന് റിപ്പോർട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് വാങ്ങി പദ്ധതി നടപ്പിലാക്കി

ഓഡിറ്റ് വർഷം സ്പിൽ ഓവറായി 6,18,309/- രൂപ ചെലവഴിച്ച് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് വിതരണത്തിനായി ഉറവിട മാലിന്യ സംസ്കരണം എന്ന പേരിൽ മറ്റൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (158/22). ഈ പദ്ധതി 2019-20 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ്. 19.12.19 ന് നടന്ന ടെണ്ടറിൽ കുറവ് തുക യൂണിറ്റ് ഒന്നിന് രേഖപ്പെടുത്തിയിരുന്നത് (2370 രൂപ) ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്ന സ്ഥാപനമായിരുന്നു. 19.12.19 ന് ചേർന്ന ഭരണ സമിതി യോഗത്തിൽ വെച്ച് ഗുണശ്രീ വെർമി കമ്പോസ്റ്റ് സമർപ്പിച്ച റിങ്ങ് കമ്പോസ്റ്റ് യൂണിറ്റിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തിയതിനു ശേഷമേ ടെണ്ടർ അംഗീകരിക്കു എന്ന് തീരുമാനിക്കുകയും (തീരുമാനം നം. 1/10) ഗുണമേൻമ പരിശോധിക്കാൻ വാർഡ് മെമ്പർമാർ, സ്റ്റാന്റിങ്ങ് കമ്മറ്റി, വി.ഇ.ഒ, ഓവർസീയർ എന്നിവർ ഉൾപ്പെട്ട ഒരു ഉപസമിതിയെ നിശ്ചയിക്കുകയും ചെയ്തു. സമിതി സമീപ പഞ്ചായത്തുകളിൽ ഗുണ ശ്രീ വെർമി കമ്പോസ്റ്റ് എന്ന

സ്ഥാപനം സ്ഥാപിച്ചിട്ടുള്ള റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരം കുറവായതുകൊണ്ട് ആ സ്ഥാപനത്തെ ഒഴിവാക്കുകയും ടെണ്ടറിൽ കൂടുതൽ തുക ക്വോട്ട് ചെയ്തസ്ഥാപനവുമായി നെഗോസിയെഷൻ നടത്തി യൂണിറ്റിന് 2369 രൂപയ്ക്ക് പദ്ധതി നടപ്പിലാക്കുകയുമാണ് ചെയ്തത്. ഉപസമിതി ഗുണനിലവാരം കുറവാണെന്ന് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയ സ്ഥാപനം വഴി ഓഡിറ്റ് വർഷം പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3)കരാർ പ്രകാരം പദ്ധതി നടപ്പിലാക്കിയില്ല

ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ ഉണ്ടാക്കിയ കരാർ പ്രകാരം 31.3.22 ന് മുൻപായി 16 വാർഡുകളിൽ സ്ഥാപനം റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയും ഇതിന്റെ വിതരണം പൂർത്തിയായിട്ടില്ല. 21-22 വർഷത്തിൽ 217 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം വാങ്ങി ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ടെങ്കിലും ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്ന സ്ഥാപനം 2022 ജൂണിൽ 200 യൂണിറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. 23.3.22 ൽ രശീതി നമ്പർ 19411/9 പ്രകാരം ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ള സത്യവതി ചെറിയ കോറോത്ത് എന്ന ഗുണഭോക്താവിന് നിലവിലും ആനുകൂല്യം ലഭിക്കാതെ നിരന്തരം ഗ്രാമപഞ്ചായത്തിൽ കയറിയിറങ്ങുന്ന അവസ്ഥ ഓഡിറ്റിന് നേരിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള പൂർത്തീകരണ സാക്ഷ്യ പത്രങ്ങളിൽ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള തിയ്യതി രേഖപ്പെടുത്തുന്നില്ല. പദ്ധതി പൂർത്തീകരണത്തിനായി 22-23 ൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും (70/23) ഓഡിറ്റ് തിയ്യതി വരെയും നടപ്പിലാക്കിയിട്ടില്ല. കരാർ പ്രകാരം പദ്ധതി നടപ്പിലാക്കാത്ത സ്ഥാപനത്തിനെതിരെ നടപടികൾ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ അടച്ചത് വിനിയോഗിക്കാതെ പദ്ധതിയ്ക്കുള്ള മുഴുവൻ ചെലവും സി.എഫ്.സി ഗ്രാന്റിൽ നിന്ന് ചെലവഴിച്ചു

പദ്ധതി നടത്തിപ്പിനായി 217 ഗുണഭോക്താക്കളിൽ നിന്ന് 226 രൂപ വിതം പിരിച്ച് 49,042/- രൂപ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ടെങ്കിലും ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്ന സ്ഥാപനത്തിന് 200 റിങ് കമ്പോസ്റ്റ് യൂണിറ്റിന് വില നൽകിയപ്പോൾ ഈ തുകയിൽ നിന്ന് പണം ചെലവഴിക്കാതെ മുഴുവൻ ബിൽ തുകയും സി.എഫ്.സി ഗ്രാന്റിൽ നിന്ന് ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ആ തുക സി.എഫ്.സി ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/21-22

28.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. 4,52,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-33 പ്രവർത്തി പൂർത്തിയാക്കി വളരെ കാലങ്ങൾക്കുശേഷം പ്രവർത്തി എസ്റ്റിമേറ്റുകൾ പുതുക്കി അംഗികാരം വാങ്ങുന്നു

അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചില പദ്ധതികളിൽ പ്രവ്യത്തി പൂർത്തിയാക്കി വളരെ കാലങ്ങൾക്ക് ശേഷമാണ് ഈ പ്രവ്യത്തി റീവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും അംഗീകാരം വാങ്ങുന്നതും. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 1601.1.6 പ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ട സാഹചര്യം വരുമ്പോൾ പ്രവ്യത്തി പൂർത്തീകരിക്കുന്നതിനോ പുരോഗമിക്കുന്നതിനോ കാത്തിരിക്കാതെ ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്. പഞ്ചായത്തിൽ ചില സന്ദർഭങ്ങളിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവ്യത്തി നടത്തി കാലങ്ങൾക്കു ശേഷം എസ്റ്റിമേറ്റ് പുതുക്കി തുക നൽകുന്നത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹണം ചുവടെ ചേർക്കുന്നു.

1.മൃഗാശുപത്രി നവീകരണം എന്ന പ്രവ്യത്തിയിൽ ( 169/22, 175/21, 119/20) പ്രവ്യത്തി 17.3.20 ന് പൂർത്തിയായിട്ടുണ്ട്. (MB -87/19-20) ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള ഭരണസമിതി അംഗീകാരം ലഭ്യമാകുന്നത് 2.11.20 (1/13തീരുമാനം) നാണ്. ടി.എസ് ലഭിക്കുന്നത് 22.2.21 (64/21) ലും ആണ്.

2. മറ്റൊരു പ്രവ്യത്തിയായ മേയിലത്ത് താഴ ഫുഡ്പാത്ത് എന്ന പ്രവ്യത്തിയിൽ (137/22, 54/21) പ്രവ്യത്തി 03.6.21 ന് പൂർത്തിയായിട്ടുണ്ട്. (MB -383/21) ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള ഭരണസമിതി അംഗീകാരം ലഭ്യമാകുന്നത് 15.7.21 (15/13 തീരുമാനം) നാണ്. ടി.എസ് ലഭിക്കുന്നത് 20.10.21 (12/22) ലും ആണ്.

നിയമാനുസൃതമല്ലാതെ പ്രവ്യത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവ്യത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല

2021-22 വർഷത്തിൽ നടപ്പിലാക്കിയ ചില പ്രവ്യത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടും ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.

| പ്രോജക്റ്റ് നമ്പർ/പേര് | ഏറ്റെടുത്ത അടങ്കൽ തുക/ കരാറുകാരൻ | കരാർ നം./ തിയ്യതി | പ്രവ്യത്തി പൂർത്തീ കരണ കാലാവധി | പ്രവ്യത്തി ആരംഭിച്ച തിയ്യതി | പ്രവ്യത്തി പൂർത്തീക രണ തിയ്യതി | ഈടാ ക്കേണ്ട പിഴ @3% |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഇല്ലത്ത് പനമ്പ്ര കോയിലോത്ത് റോഡ് 145/22 | 400000/- (C.F.C ഫണ്ട് MGR, തനതുഫണ്ട്) ELCCS | 68/20-21/ 31.1.21 | 6 മാസം | 15.11.21 | 13.1.22 | 12000 |
| പി.എച്ച്.സി ഫാർമസി ഇലക്ട്രി ഫിക്കേഷൻ 131/22 | 132000/- (MGR) ELCCs | 48/19-20/ 17.3.20 | 6 മാസം | 12.2.21 | 25.3.21 | 3960. |

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/ പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതികളുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. മേൽ പദ്ധതികളുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ചില പ്രവൃത്തികൾ ഈ കാലാവധിയും കഴിഞ്ഞാണ് ആരംഭിക്കുന്നത്.

സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധിക്കുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരത്തിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നെല്ലാം പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-35 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നു.

ഗ്രാമപഞ്ചായത്ത് റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതായി കാണുന്നു. പുതിയ റോഡുകളുടെ നിർമ്മിതിയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുത്, മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കരുത് എന്നിങ്ങനെയുള്ള നിബന്ധനകൾക്ക് വിരുദ്ധമായാണ് ഗ്രാമപഞ്ചായത്ത് ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. 28.11.2012 88228/ഫിൻ-01/2012 തസ്വഭവ എന്ന സർക്കുലറിൽ റോഡുകളുടെ അറ്റകുറ്റ പണികളെല്ലാം നടത്തിയതിന് ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിങ്ങ് ടാറിങ്ങ് കോൺക്രീറ്റിങ്ങ് തുടങ്ങിയ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കാമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇതിനായി റോഡുകളിൽ അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് ഭരണ സമിതി ഏകകണ്ഠമായി തീരുമനമെടുക്കേണ്ടതുണ്ട്. 16.8.21 ലെ 01/06 നമ്പർ തീരുമാന പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിലെ കൈമാറിക്കിട്ടിയ റോഡുകളിലൊന്നും അറ്റകുറ്റ പണികൾ നടത്തുന്നതിനായി നിലവിൽ അവശേഷിക്കുന്നില്ല എന്ന രീതിയിൽ ഭരണ സമിതിയോഗം തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് വകമാറ്റിയതെന്ന് കാണുന്നു.എന്നാൽ അറ്റകുറ്റപ്പണിക്ക് റോഡുകളൊന്നും അവശേഷിക്കുന്നില്ലെന്ന് കസ്റ്റോഡിയൻ ഓഫീസറായ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതെയാണ് ഈ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. ഇത് കൊണ്ട് തന്നെ തീരുമാനം വസ്തുതകൾക്ക് നിരക്കുന്നതാണോയെന്ന് വ്യക്തമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ തീരുമാനം കൈക്കൊണ്ട് ഫണ്ട് വകമാറ്റിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 ഗുണഭോക്താക്കൾ ഇല്ലാതെ പദ്ധതി തയ്യാറാക്കി ഫണ്ട് പാഴാക്കുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നൽകാത്തതിനാൽ നടപ്പിലാക്കാതെ ഫണ്ട് പാഴായിട്ടുണ്ട്. വിശദാംശങ്ങൾ

| പ്രോജക്ട് | വകയിരുത്തിയ തുക | |
|---|---|---|
| 201/22 വ്യക്തികത ടോയ്‌ലെറ്റ് നവീകരണം | 563640 | 25864 - സി.എഫ്.സി<br>305000- കേന്ദ്ര ഫണ്ട് |
| 161/22 വ്യക്തികത | 785400 | 173400 - |

| | | |
|---|---|---|
| ടോയ്‌ലെറ്റ് നിർമ്മാണം | | സി.എഫ്.സി 612000 - കേന്ദ്ര ഫണ്ട് |

ഗുണഭോക്താക്കൾ ഇല്ലാതെയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ലിസ്റ്റ് നൽകാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 12/21-22 28.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-37 ടി ഡി എസ് റിട്ടേണുകൾ ഫയൽ ചെയ്തത്- ചെലവ് ഒഴിവാക്കാവുന്നത്

ഓഡിറ്റ് വർഷത്തിൽ ജി എസ് ടി, ഐ ടി റിട്ടേണുകൾ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനായി താഴെ പറയുന്ന വൌച്ചറുകൾ പ്രകാരം 16,050/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൌച്ചർ നം | തുക |
|---|---|---|
| 1 | 22100107/07-May-2021 | 3500 |
| 2 | 22100108/07-May-2021 | 2500 |
| 3 | 22100261/08-Jul-2021 | 2650 |
| 4 | 22100345/09-Aug-2021 | 600 |
| 5 | 22100795/ 22-Dec-2021 | 1600 |
| 6 | 22100856/19-Jan-2022 | 500 |
| 7 | 22100955/21-Feb-2022 | 4400 |
| 8 | 22100966/: 03-Mar-2022 | 300 |
| | | 16050 |

എന്നാൽ ജി എസ് ടി, ഐ ടി റിട്ടേണുകൾ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇതിന് പുറമെ പണം കൊടുത്ത് ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. വളരെ കുറഞ്ഞ ഫീസ് വരുന്ന ഫയലിംഗ് മാത്രമേ കൺസൾട്ടൻസി മുഖേന ചെയ്യേണ്ടതുള്ളൂ. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ ഇത്തരം ചെലവുകൾ ഒഴിവാക്കാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

1-38 എം ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന എം ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽത്തന്നെ എത്ര ബുക്കുകൾ ലഭിച്ചെന്നോ, ഏതെല്ലാം ബുക്കുകൾ ഏതെല്ലാം പ്രവർത്തികൾക്കാണ് നൽകിയിരിക്കുന്നതെന്നോ, എത്ര എണ്ണം നീക്കിയിരിപ്പുണ്ടെന്നോ സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസുകളിലില്ല. എം ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-39 ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് നിലവിൽ സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് തയ്യാറാക്കുന്നതും പരസ്യപ്പെടുത്തുന്നതും. സ്ഥാപനത്തിന്റെ മിനിട്സ് സകർമ്മയിൽ പരിശോധിച്ചതിൽ നാളിതുവരെ നടത്തിയ യോഗങ്ങളിൽ 9 യോഗങ്ങളുടെ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | യോഗ നമ്പർ | യോഗ തീയതി | യോഗ സ്വഭാവം | മിനിട്സിന്റെ അവസ്ഥ |
|---|---|---|---|---|
| 1 | 19 | 10.8.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 2 | 20 | 23.8.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 3 | 21 | 19.9.22 | അടിയന്തിര യോഗം/പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 4 | 22 | 30.9.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 5 | 27 | 18.11.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 6 | 26 | 17.11.22 | അടിയന്തിര യോഗം/പ്രത്യേക യോഗം | മിനിട്സ് എൻട്രി ആരംഭിച്ചിട്ടില്ല |

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് എപ്രകാരം തയ്യാറാക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26ൽ

വിശദമാക്കുന്നുണ്ട്. പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാനം രജിസ്റ്ററും യോഗനടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കണമെന്ന് ചട്ടം 20(3) വ്യവസ്ഥ ചെയ്യുന്നുണ്ട്. കൈയ്യെഴുത്തായി മിനിട്സും തീരുമാനം രജിസ്റ്ററും തയ്യാറാക്കുന്ന രീതി അടിസ്ഥാനപ്പെടുത്തിയാണ് ഈ ചട്ടമെങ്കിലും സോഫ്റ്റ്‌വെയർ അടിസ്ഥാനപ്പെടുത്തി ഇവ തയ്യാറാക്കുമ്പോൾ നടപടിക്രമവും സമയക്രമവും ഈ ചട്ടങ്ങൾ പ്രകാരമാകേണ്ടതുണ്ട്. പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി തീരുമാനം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അതിനു താഴെ സെക്രട്ടറിയും യോഗാധ്യക്ഷനും ഒപ്പു വയ്ക്കേണ്ടതാണെന്നും ഇത് യോഗത്തിൽ വായിക്കേണ്ടതാണെന്നും ഇതിന്റെ പകർപ്പ് യോഗം അവസാനിച്ചയുടൻ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണമെന്നും ചട്ടം 20(4)ൽ വിശദമാക്കുന്നുണ്ട്. ഇതിന്റെ പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നല്കണമെന്ന് ചട്ടം 20(6)അനുശാസിക്കുന്നു.

മിനിട്സിന്റെ കാര്യത്തിൽ, യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളും പ്രസ്താവനകളും സെക്രട്ടറി നടത്തിയ അഭിപ്രായങ്ങളും ക്രമപ്രശ്നങ്ങളിൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളും രത്നചുരുക്കത്തിൽ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് ചട്ടം 20(7) ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ നക്കൽ യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി അദ്ധ്യക്ഷന് നല്കേണ്ടതും (ചട്ടം 20(9)) അദ്ധ്യക്ഷൻ 24 മണിക്കൂറിനുള്ളിൽ അംഗീകരിച്ച് സെക്രട്ടറിക്ക് തിരികെ നല്കേണ്ടതുമാണ് (ചട്ടം 20(9)) ഇത് തിരിച്ചുകിട്ടിയാൽ ഉടൻ സെക്രട്ടറി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ് (ചട്ടം 20(10)) ചട്ടങ്ങളിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കെ യോഗം കഴിഞ്ഞ് മാസസങ്ങളായിട്ടും മിനിട്സും തീരുമാനം രജിസ്റ്ററും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തത് അംഗീകരക്കാവുന്നതല്ല. ഇക്കാര്യത്തിൽ ചട്ടവിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും അടിയന്തിരമായി മിനിട്സ് പൂർത്തീകരിച്ച് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ഭാവിയിൽ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ മിനിട്സും തീരുമാനം രജിസ്റ്ററും പൂർത്തീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 17/22 |
| അടങ്കൽ | 170000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 170000/- |
| ബിൽനം. തി. | 141/22/26.11.22 |

സ.ഉ(കൈ) നം.22/2018/തസ്വഭവ. തി.14.2.2018 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖയിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ വിള ഇൻഷൂറൻസ് തുക മുൻകൂറായി അടയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇത് അടച്ചതായി കാണുന്നില്ല.

വാർഡ് 11 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഇസ്മായിൽ. എം എന്ന ഗുണഭോക്താവിന് ഈയിനത്തിൽ 2798/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ, ഭൂനികുതി രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രമേശൻ.കെ.കെ, സുരേഷ് കുമാർ.പി എന്നീ ഗുണഭോക്താക്കൾക്ക് യഥാക്രമം 3793/- രൂപ, 2839/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇവരുടെ അപേക്ഷ, ഭൂനികുതി രശീതി എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/22/ 25.11.22) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകളുടെ വെളിച്ചത്തിൽ പദ്ധതിക്കായി ചെലവഴിച്ച 1,70,000/- രൂപ തടസ്സത്തിൽ വെക്കുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച 6,632/- (3793 + 2839) രൂപ നിരാകരിക്കുന്നു. ഈ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 24.11.2022, 25.11.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 60000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 60000 |
| | 2021-22 | 293400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 293400 |
| | ആകെ | | | 353400 |
| | 2021-22 | 240000 | മുട്ടഗ്രാമം പദ്ധതി | 240000 |
| | 2021-22 | 510000 | പശുഗ്രാമം പദ്ധതി | 510000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 50000 |
| | ആകെ | | | 760000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | Go(Rt) 2614/2019. തീയതി- 20/11/2019 | 0 | 5088000 | 616000 | 0 | 4472000 |

## 4-6 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15,01,862 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 90,798 |
| ആകെ | 15,92,660 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,92,660 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച നം/ തിയതി | തുക |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, | 909364/24.5.21 | 575566 |

| | | | |
|---|---|---|---|
| | പുറമേരി | | |
| 2 | കേരള ഗ്രാമീൺ ബാങ്ക്, പുറമേരി | 1263013/24.12.21 | 762672 |
| 3 | കെ ഡി സി ബാങ്ക് , ഓർക്കാട്ടേരി | 100181806120064/3.1.22 | 136105 |
| 4 | കെ ഡി സി ബാങ്ക് , ഓർക്കാട്ടേരി | 100181806120065/3.1.22 | 118317 |
| ആകെ 15,92,660 | | | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | ലഭ്യമല്ല | 1999 | 46 | വളം വില അധികം നൽകിയത് തിരിച്ചടച്ചില്ല | ഭാവിയിൽ വീഴ്ച ഒഴിവാക്കുന്നതിനും നിജസ്ഥിതി ഓഡിറ്റിനെ ബോധ്യ |

| | | | | | |
|---|---|---|---|---|---|
| | | | | | പ്പെട്ടത്താനം ശുപാർശ ചെയ്തു |
| 1999-00 | ലഭ്യമല്ല | 2003-04 | 11.14. മറ്റ് പരാമർശ ങ്ങൾ | 1.തെങ്ങിൻ തടം പുതയിടൽ – ജൈവ വള വിതരണം 2.പെരുമുണ്ടശ്ശേരി റോഡ് പ്രവൃത്തി | |
| 2000-01 | രേഖപ്പെട്ട ത്തിയില്ല | 2003-04 | 11.14 മറ്റ് പരാമർ ശങ്ങൾ | പുതിയേടത്ത് മീത്തൽ ജല സേചന പദ്ധതി | |
| 2015-16 | 3-9 | 2016-17 | 6(എ)1.4. | ആശ്രയ വീടിന് സ്ഥലം | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)1.9. | വീട് ആവശ്യ മുള്ളവർ | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ).2.6. | വീട് റിപ്പയർ | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)3.3. | കുടിവെള്ളം | നില നിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാതകതകൾ | നില നിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,48,63,066 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,77,98,568 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,632 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,93,484 |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 6632 | ശ്രീമതി.അശ്വതി.സി.എൻ കൃഷി ഓഫീസർ |
| ആകെ | | 6632 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 7,99,766 | ശ്രീമതി. അശ്വതി.സി.എൻ<br>കൃഷി ഓഫീസർ |
| 1-21 | 2,25,500 | |
| 1-22 | 47,250 | |
| 1-23 | 5,35,600 | |
| 1-24 | 1,63,368 | |
| 1-31 | 7,70,000 | ശ്രീമതി. നിത്യ.ബി<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-32 | 4,52,000 | |
| ആകെ | 29,93,484 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അശ്വതി.സി.എൻ, | അസിസ്റ്റന്റ് ഡയറക്ടർ | സ്നേഹ നിവാസ് |

| | | |
|---|---|---|
| കൃഷി ഓഫീസർ | ഓഫ് അഗ്രികൾച്ചർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, വയനാട് | നെല്ലിക്കപ്പറമ്പ്, ചെക്ക്യാട്- 673509 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്./കെ.കെ.ഡി/പി5/ 665/09/ തി.31.03.2010 | 7 | 30,33(3), 37, 39, 40, 46, 47 |
| 1997-98 | എൽ.എഫ്.എസ്.2/1124/ 98/11.12.2000 | 3 | 8,9,11 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി5/ 1418/08/തി.10.05.18 | 18 | 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി5/ 1584/03/ തി.15.03.2004 | 8 | 22, 23, 24, 25, 26, 28, 31, 34 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/പി8/ 564/ 2006/തി.10.05.18 | 2 | 2-1, 2-2 |
| 2001-02 | എൽ.എഫ്/കെ.കെ.ഡി. എസ്3/ | 3 | 3-2, 3-3, 3-4 |

| | | | |
|---|---|---|---|
| പ്ലാൻ | 800/ 2017/തി.19.01.2014 | | |
| 2002-03 | എൽ.എഫ്/കെ.കെ.ഡി.പി8/ 544/06 തി.10.05.2007 | 4 | 2-2, 3-3, 3-6, 3-9 |
| 2003-04 | എൽ.എഫ്/കെ.കെ.ഡി.പി5/ 1016/08 തി.6.11.08 | 5 | 2-3, 2-4, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്/കെ.കെ.ഡി.എസ്1/ 1255/07 തി.05.04.08 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2005-06 | എൽ.എഫ്/കെ.കെ.ഡി.പി5/ 878/09 തി.09.09.09 | 12 | 3-2, 3-5, 3-7,3-10, 3-11,3-12, 3-13,3-14, 3-16,3-17, 3-18,3-19 |
| 2006-07 | എൽ.എഫ്/കെ.കെ.ഡി.പി5/ 755/10തി.30..4.10 | 12 | 2-2, 2-3, 3-1, 3-2, 3-3 (3,4), 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13 |
| 2007-08 | എൽ.എഫ്/കെ.കെ.ഡി.പി5/ 1613/11 തി.12.01.12 | 10 | 2-1, 2-4, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2008-09 | എൽ.എഫ്/കെ.കെ.ഡി.പി11/ 89/12/ തി.21.06.12 | 6 | 3-2, 3-3, 3-5, 3-6, 3-7, 3-10 |
| 2009-10& 2010-11 | എൽ.എഫ്/കെ.കെ.ഡി.പി11/ 396/13/തി.25.04.13 | 16 | 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-13, 4-6 |

| | | | |
|---|---|---|---|
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി11/ 388/ 15/തി.06.04.15 | 11 | 2-1, 2-3, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-9,3-10, 3-11, 3-12, 3-13,3-14, 3-15 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി11/ 419/ 16/തി.03.02.16 | 28 | 2-1, 2-2, 2-3, 3-1, 3-2, 3-4, 3-5(4,6), 3-6(1)(2), 3-7, 3-8, 3-9,3-10, 3-11, 3-13, 3-14,3-16, 3-17,3-18, 3-19,3-21, 3-22,3-24, 3-25,3-27, 3-28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി11/ 2302/ 2016/തി.12.01.17 | 23 | 2-1, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി11/ 1524/17 തീ.03.01.18 | 14 | 2-1, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി11/ 698/19 തീ-03.07.19 | 13 | 2-3, 2-5, 2-8, 3-1(1), 3-1(2), 3-2, 3-3, 3-4, 3-5, 3-6(2) (3), 3-8, 3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1860/20 തീ-01.11.20 | 16 | 1-1, 1-2(2), 1-2(3), 1-3, 1-4, 1-6(1) (3)(4)(6) (7), 1-16, |

| | | | |
|---|---|---|---|
| | | | 1-17, 1-18, 1-19, 1-20(4) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി5/ 530/22 തീയതി: 25/03/2022 | 37 | 1-1 മുതൽ 1-37 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി5/ 983/22 തീയതി: 2/6/2022 | 37 | 1-1 മുതൽ 1-35 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്